DESPATCHED
On 15/06/2020

13/03/2020.

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 2260(2)/2015/എസ്.ഐ.സി.**
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ **15208**/എസ്.ഐ.സി-ജി 6/15)

സന്നിഹിതൻ
ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ.ജോയിസ് ഐസക്ക്,
ചെറ്റാലിൽ, മേലമ്പാറ പി.ഒ.,
ഭരണങ്ങാനം, കോട്ടയം – 686 578.
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം),
സഹകരണ സംഘം രജിസ്ട്രാർ ഓഫീസ്,
തിരുവനന്തപുരം.

2. അപ്പീൽ അധികാരി&
അഡീഷണൽ രജിസ്ട്രാർ(ICDP),
സഹകരണ സംഘം രജിസ്ട്രാർ ഓഫീസ്,
തിരുവനന്തപുരം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 09.06.2015 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 02.07.2015 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 02.08.2015 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 13.08.2015 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 18.09.2015 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 23.09.2015 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 16.11.2019 കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. ജോയിസ് ഐസക്ക്, 18.09.2015ന് സമർപ്പിച്ച അപ്പീൽ ഹർജി 23.09.2015ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.2260(2)/15/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിനും തൃപ്തികരമായ വിവരം ലഭ്യമാക്കിയില്ലെന്നും ആകയാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 09.06.2015ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, കോട്ടയം ജില്ലാ സഹകരണ ബാങ്ക് 19.11.1976ൽ സഹകരണ സംഘം രജിസ്ട്രാർക്ക് നൽകിയ H.3950/76-77 -ാം നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ 04.03.1977ൽ സഹകരണ സംഘം രജിസ്ട്രാർ അംഗീകരിച്ച് കോട്ടയം ജില്ലാ സഹകരണ ബാങ്കിന് നൽകിയ ഫീഡർ കാറ്റഗറി സബ് റൂൾസിൽ നാളിതുവരെ എന്തെങ്കിലും ഭേദഗതികൾ സഹകരണ സംഘം രജിസ്ട്രാർ അംഗീകരിച്ച് കോട്ടയം ജില്ലാ സഹകരണ ബാങ്കിന് നൽകിയിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ ആയതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, തീയതി എന്നിവ നൽകണമെന്നും ടി ഭേദഗതികൾ സഹകരണസംഘം രജിസ്ട്രാർ അംഗീകരിച്ചു നൽകിയതിന്റെ തീയതിയും നമ്പരും നൽകണമെന്നുമാണ്. ആയതിന് 02.07.2015ന് നൽകിയ മറുപടിയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം ടി ഓഫീസിൽ ലഭ്യമല്ലെന്നും 1998ൽ റിക്രൂട്ട്മെന്റ് റൂൾസ് പി.എസ്.സി. അംഗീകരിച്ചിട്ടുള്ളതിനാൽ ഫീഡർ കാറ്റഗറി സബ്റൂളിന്റെ പകർപ്പിനായി കോട്ടയം ജില്ലാ ബാങ്കിനെ സമീപിക്കണമെന്നാണ് അറിയിച്ചത്. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 13.08.2015ന് നൽകിയ മറുപടിയിലും ടിയാൻ ആവശ്യപ്പെട്ട വിവരം നിശ്ചിത സമയത്തി

നുള്ളിൽ നൽകുന്നതിന് കോട്ടയം ജില്ലാ സഹകരണ ബാങ്ക് എസ്.പി.ഐ.ഒ.യ്ക്ക് നിർദ്ദേശം നൽകി ഉത്തരവാകുകയും ഹർജിക്കാരന് നൽകിയ മറുപടിയുടെ പകർപ്പ് രണ്ടാം എതിർകക്ഷി ഓഫീസിലും ലഭ്യമാക്കണമെന്നുമാണ് അറിയിച്ചത്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും 13.11.2019ലെ റിപ്പോർട്ടും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് സമയബന്ധിതമായി മറുപടി നൽകിയിട്ടുണ്ടെന്ന് കമ്മീഷനു ബോധ്യമാകുന്നു. എന്നാൽ കോട്ടയം ജില്ലാ ബാങ്കിനെ സമീപിക്കാൻ നിർദ്ദേശം നൽകിയ ഒന്നാം എതിർകക്ഷിയുടെ നടപടി വിവരാവകാശ നിയമത്തിന്റെ ലംഘനമാണെന്ന് കമ്മീഷൻ വിലയിരുത്തുന്നു. വിവരം നിക്ഷിപ്തമായ ഓഫീസിലേയ്ക്ക് വിവരാവകാശ നിയമം വകുപ്പ് 6(3) പ്രകാരം ടിയാന്റെ അപേക്ഷ ലഭിച്ച് 5 ദിവസത്തിനകം കൈമാറണമെന്നിരിക്കെ അപ്രകാരം പ്രവർത്തിക്കാതെയാണ് ഇത്തരത്തിലൊരു മറുപടി നൽകിയിരിക്കുന്നത്. അപ്പീലധികാരിയും നിയമപ്രകാരം പ്രവർത്തിച്ചിട്ടില്ല. ആകയാൽ ഇന്നുമുതൽ 30 ദിവസത്തിനകം ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കി ടിയാന് നൽകേണ്ടതാണെന്ന് കമ്മീഷൻ ഉത്തരവാകുന്നു.

5. മേൽ നിർദ്ദേശ പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 മാർച്ച് 13-ാം തീയതി കമ്മീഷൻ ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM